**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2534** **17-03-2022 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഓഡിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | null<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉപയോഗിക്കുന്ന സോഫ്റ്റ് വെയറിൽ കൃത്രിമം കാണിച്ച് പണാപഹരണം നടത്തുന്നതായി ഓഡിറ്റ് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ തിരുവനന്തപുരം കോർപ്പറേഷനിൽ 2019-2020 കാലയളവിൽ സോഫ്റ്റ്‌വെയറിലെ ഡാറ്റാ എൻട്രിയിൽ കൃത്രിമം കാണിച്ച് പണാപഹരണം നടത്തിയിട്ടുള്ളതായി ഓഡിറ്റ് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെട്ടിടനികുതി സംബന്ധിച്ച സഞ്ചയ സോഫ്റ്റ്‌വെയറിൽ തെറ്റായ വിവരങ്ങൾ ഉൾപ്പെട്ടതിനാൽ എറണാകുളം ജില്ലയിലെ വാഴക്കുളം ഗ്രാമപ്പഞ്ചായത്തിന് കെട്ടിടനികുതി ഇനത്തിൽ നഷ്ടം ഉണ്ടായിട്ടുണ്ട്. (KSA.EKM/DD(E2)111/21 തീയതി 29.01.2022 പ്രകാരം ടി വിഷയത്തിൻമേൽ പ്രത്യേക റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതേ വിഷയത്തിൽ മലപ്പുറം ജില്ലയിലെ ചെറുകാവ് ഗ്രാമപ്പഞ്ചായത്തിന് 3532/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ( ഓഡിറ്റ് റിപ്പോർട്ട് 2019-20ഖണ്ഡിക. 1-12 ) |
| (ബി) | 2019 മുതൽ 2021 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ മേൽപ്പറഞ്ഞ പ്രകാരമുള്ള കൃത്രിമം ഓഡിറ്റ് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ ഏതൊക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണെന്ന് അറിയിക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ തിരുവനന്തപുരം കോർപ്പറേഷനിൽ 2019-2020 കാലയളവിൽ സോഫ്റ്റ്‌വെയറിലെ ഡാറ്റാ എൻട്രിയിൽ കൃത്രിമം കാണിച്ച് പണാപഹരണം നടത്തിയിട്ടുള്ളതായി ഓഡിറ്റ് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെട്ടിടനികുതി സംബന്ധിച്ച സഞ്ചയ സോഫ്റ്റ്‌വെയറിൽ തെറ്റായ വിവരങ്ങൾ ഉൾപ്പെട്ടതിനാൽ എറണാകുളം ജില്ലയിലെ വാഴക്കുളം ഗ്രാമപ്പഞ്ചായത്തിന് കെട്ടിടനികുതി ഇനത്തിൽ നഷ്ടം ഉണ്ടായിട്ടുണ്ട്. (KSA.EKM/DD(E2)111/21 തീയതി 29.01.2022 പ്രകാരം ടി വിഷയത്തിൻമേൽ പ്രത്യേക റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതേ വിഷയത്തിൽ മലപ്പുറം ജില്ലയിലെ ചെറുകാവ് ഗ്രാമപ്പഞ്ചായത്തിന് 3532/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ( ഓഡിറ്റ് റിപ്പോർട്ട് 2019-20ഖണ്ഡിക. 1-12 ) |

| | | | |
|---|---|---|---|
| (സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിൽ ഉപയോഗിച്ചുവരുന്ന വിവിധ സോഫ്റ്റ് വെയറുകളിലുണ്ടായിട്ടുള്ള പോരായ്മകൾ ഓഡിറ്റ് വകുപ്പ് സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ധനഇടപാടിനും കണക്കുസൂക്ഷിപ്പിനും ഉപയോഗിച്ചുവരുന്ന വിവിധ സോഫ്റ്റ്‌വെയറുകളിലുണ്ടായിട്ടുള്ള പോരായ്മകൾ ഓഡിറ്റ് വകുപ്പ് സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഓഡിറ്റ് വകുപ്പ് ചൂണ്ടിക്കാണിച്ച പ്രസ്തുത വിഷയങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചതായി അറിയിച്ചുകൊണ്ട് ഇൻഫർമേഷൻ കേരള മിഷൻ സർക്കാരിന് നല്കിയ കത്ത് പരിശോധിച്ച് അഭിപ്രായം അറിയിക്കുന്നതിനായി 22/02/2022-തീയതിയിലെ എസ്.എസ്2/40/2020/തസ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഓഡിറ്റ് വകുപ്പിന് കത്ത് നല്കുകയും അതു പ്രകാരം വരുത്തേണ്ട ക്രമീകരണങ്ങളും കൈക്കൊള്ളേണ്ട നടപടികളും സംബന്ധിച്ച് ഓഡിറ്റ് വകുപ്പ് തദ്ദേശസ്വയംഭരണ വകുപ്പിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിൽ ഉപയോഗിച്ചുവരുന്ന വിവിധ സോഫ്റ്റ് വെയറുകളുടെ പ്രവർത്തനം പരിശോധിക്കുന്നതിന് ഓഡിറ്റ് വകുപ്പിലെ ജീവനക്കാർക്ക് പരിശീലനം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഡി) | വകുപ്പിൽ പുതുതായി ജോലിയിൽ പ്രവേശിക്കുന്ന ഓഡിറ്റർമാർക്ക് നല്കുന്ന സ്റ്റാറ്റ്യൂട്ടറി ട്രയിനിംഗിൽ തദ്ദേശ സ്വയംഭരണവകുപ്പിൽ നിലവിൽ ഉപയോഗിച്ച് വരുന്ന സോഫ്റ്റ്‌വെയറുകളുടെ പ്രവർത്തനം പരിശോധിക്കുന്നതിനുള്ള പരിശീലനം നല്കി വരുന്നുണ്ട്. തദ്ദേശസ്വയംഭരണവകുപ്പ് സ്ഥാപനങ്ങളിൽ പുതുതായി വിന്യസിക്കപ്പെട്ട സോഫ്റ്റ്‌വെയറായ Integrated Local Governance Management System (ILGMS) -ന്റെ പരിശോധനാരീതിയെപ്പറ്റി വകുപ്പിലെ ജീവനക്കാർക്ക് പരിശീലനം നല്കുന്നതിനായി പരിശീലന ഷെഡ്യൂൾ വർക്ക് ഷോപ്പ് സംഘടിപ്പിക്കുന്നതിന് ഇൻഫർമേഷൻ കേരള മിഷനുമായി ബന്ധപ്പെട്ട് സമയക്രമം തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ